പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1133 01/07/2015 - ൽ മറുപടിക്ക്

**വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്കിന്റെ നിരക്ക് എത്ര ശതമാനമാണ് ; ഇത് ഓരോ തലത്തിലും എത്ര ശതമാനം വീതമാണെന്ന് വിശദമാക്കാമോ ; | (എ) സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്കിന്റെ നിരക്ക് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:<br>ഹൈസ്കൂൾ തലം : 0.38%<br>യു.പി. തലം : 0.64%<br>എൽ.പി. തലം : 0.49% |
| (ബി) കൊഴിഞ്ഞുപോക്കിന് കാരണം എന്തൊണെന്ന് കണ്ടെത്തിയിട്ടുണ്ടോ ;<br><br>(സി) ഇത്തരം വിദ്യാർത്ഥികളെ കണ്ടെത്തി പുന:പ്രവേശിപ്പിക്കുന്നതിനും തുടർവിദ്യാഭ്യാസം നൽകുന്നതിനും എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ ഇതിനായി പദ്ധതി ആവിഷ്കരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) യും (സി) യും ഉണ്ട്. ആവശ്യമായ ഗതാഗത സൗകര്യങ്ങളുടെ അഭാവം, ജോലിക്കായി കുട്ടികൾ മറ്റു സംസ്ഥാനങ്ങളിലേക്കും മാതാപിതാക്കളോടൊപ്പവും പോകുന്നത് എന്നിവയാണ് കാരണങ്ങൾ. ഈ വിഷയത്തിൽ എസ്.എസ്.എ നടത്തിയ ഗവേഷണ ഫലങ്ങൾ സംസ്ഥാന തലത്തിൽ വിദ്യാഭ്യാസ ഓഫീസർമാരുടേയും ബന്ധപ്പെട്ട ഏജൻസികളുടേയും യോഗത്തിൽ അവതിരിപ്പിച്ചിരുന്നു. ഔട്ട് ഓഫ് സ്കൂൾ ഇന്റർവെൻഷന്റെ ഭാഗമായി ഇത്തരം കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ ബ്രിഡ്ജ് കോഴ്സ് നൽകി ഇവരെ തിരികെ വിദ്യാലയങ്ങളിൽ എന്റോൾ ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ എസ്.എസ്.എ യുടെ നേതൃത്വത്തിൽ നടന്നു വരുന്നു. കൂടാതെ ബ്രിഡ്ജ് കോഴ്സ് നൽകുന്നതിനായി പ്രത്യേക വേതനം നൽകി ട്യൂട്ടർമാരേയും നിയോഗിച്ചിട്ടുണ്ട്. |

Sreedevi

സെക്ഷൻ ഓഫീസർ